# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 702** — **29/11/2018-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ RBI തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. (RBI ചീഫ് ജനറൽ മാനേജരുടെ 3.10.2018-ലെ DCBR.CO.RCBD.NO.1007/19.51.007/2018-19 നമ്പർ കത്ത്). ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് RBI നിർദ്ദേശിച്ചിട്ടുള്ളത്. ആയതിന് വേണ്ടി 15 സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| (ബി) | ഏതൊക്കെ ബാങ്കുകളെയാണ് കേരള ബാങ്കിൽ ലയിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും |
| (സി) | പ്രവാസി അക്കൗണ്ടുകൾ കേരള ബാങ്കിൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ, എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | പ്രവാസി അക്കൗണ്ടുകൾ ഉൾപ്പെടെ മറ്റ് ദേശസാത്കൃത ബാങ്കുകൾ നല്കുന്ന എല്ലാസേവനങ്ങളും കേരളാബാങ്കിനും ലഭ്യമാക്കുവാൻ ഘട്ടം ഘട്ടമായി നടപടി സ്വീകരിക്കും. |

| | | | |
|---|---|---|---|
| (ഡി) | കേരള ബാങ്ക് ആരംഭിക്കുന്നതിനായുള്ള അന്തിമ അനുമതിക്കുള്ള കാലതാമസം എന്താണെന്നും അനുമതി എപ്പോൾ ലഭിക്കുമെന്നും അറിയിക്കാമോ? | (ഡി) | 19 വ്യവസ്ഥകളോടെയാണ് RBI തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുള്ളത്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന 1.4.2019 ന് മുൻപ് അന്തിമ അനുമതിക്ക് സമീപിക്കാനാണ് RBI നിർദ്ദേശിച്ചിട്ടുള്ളത്. ആയതിന് വേണ്ടി 15 സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം പുരോഗമിച്ചു വരുന്നു. ഈ നടപടികൾക്ക് ശേഷം താമസംവിന അന്തിമ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**